# ബുദ്ധധർമ്മം എന്ന ധർമ്മപദവിവർത്തനം

**ഡോ. എൻ. അജയകുമാർ**
പ്രൊഫസർ, മലയാള വിഭാഗം,
സംസ്കൃത സർവകലാശാല, കാലടി

പല വിവർത്തനങ്ങൾ ആവർത്തിച്ച് വന്നിട്ടുള്ള പ്രധാനപ്പെട്ട പുസ്തകങ്ങൾ അന്വേഷിക്കുക എന്നത് കുറച്ചുകാലമായി ഉള്ള എന്റെ ഒരു താല്പര്യമായിരുന്നു. അതായത് ആവർത്തിച്ച് ആവർത്തിച്ച് വിവർത്തനങ്ങൾ ഉണ്ടാകുന്ന കൃതികൾ, കാളിദാസകൃതികൾ പറയേണ്ട ആവശ്യമില്ല. അതുപോലെത്തന്നെ ഗീതാഞ്ജലി, ആവർത്തിച്ച് ഒരു പത്തുകൊല്ലം കൂടുമ്പോൾ അതിനൊരു വിവർത്തനം, മിക്കവാറും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അതുപോലെ തന്നെയുള്ള ഒരു പുസ്തകമാണ് ധർമ്മപദം. അതിനൊരു പുരാണഇതിഹാസങ്ങളുടെ, അല്ലെങ്കിൽ കാളിദാസസാഹിത്യം പോലെ വളരെ സ്വീകരിക്കപ്പെട്ട സാഹിത്യകൃതികളുടെയോ പദവി അല്ല ഉള്ളതെന്ന് നമുക്കറിയാം, എന്നിട്ടും ധർമ്മപദത്തിന് ആവർത്തിച്ച് വിവർത്തനങ്ങൾ വന്നിട്ടുണ്ട് എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമായിട്ടാണ് തോന്നിയത്. അതിനെപ്പറ്റി ഇടയ്ക്ക് അന്വേഷിക്കാൻ ഇടയായി. അപ്പോൾ വൈദ്യ ഭൂഷണം, അത് തർജ്ജമ ചെയ്തിട്ടുള്ളതായി അറിഞ്ഞു. അൻപ ത്തെട്ടിലോ അൻപത്തൊമ്പതിലോ ആണ്, ആദ്യം അതിന്റെ ഒരു പതിപ്പ് പ്രസിദ്ധീകരിച്ചത്. പിന്നീട്, റെയിൻബോ ബുക്സ് 2005 ൽ പ്രസിദ്ധീകരിച്ച പുസ്തകമാണ് ഞാൻ വായിച്ചിട്ടുള്ളത്. ധർമ്മപദത്തിന്, ഞാൻ

അറിഞ്ഞിടത്തോളം, ആറോ ഏഴോ പരിഭാഷകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്.

ആദ്യത്തേത് തേലപ്പുറത്ത് നാരായണൻ നമ്പിയുടേതാണ്. വ്യാഖ്യാനം എന്നാണ് ആ പുസ്തകത്തിൽ കൊടുത്തിട്ടുള്ളതെങ്കിലും ഗദ്യപരിഭാഷ തന്നെയാണ്, അത്. ധർമ്മപദത്തിന്റെ പ്രസിദ്ധീകരിച്ചതിൽ, തേലപ്പുറത്ത് നാരായണൻ നമ്പിയുടെ പരിഭാഷയാണ് അറിഞ്ഞിടത്തോളം ആദ്യത്തേത്. അതിനുമുൻപ് ആരെങ്കിലും ചെയ്തിട്ടുണ്ടോ എന്ന് അറിയില്ല. അത് 1915 ൽ ആണ് പ്രസിദ്ധീകരിച്ചത്. പാലിയിൽ നിന്നുള്ള അതിന്റെ മൂലഗാഥകളും മലയാളത്തിലുള്ള ഒരു സാമാന്യമായ ഗദ്യവിവർത്തനവും ആയിരുന്നു, 1915 ൽ പ്രസിദ്ധീകരിച്ച ആ പുസ്തകം. വളരെ കാലത്തിനുശേഷം 1980 ലാണ് ഒരു രണ്ടാം പതിപ്പ് അതിന് വന്നത്. ആദ്യത്തെ പതിപ്പിൽത്തന്നെ മാനവിക്രമൻ രാജാവിന്റെ ഒരു ചെറിയ അവതാരിക ഉണ്ടായിരുന്നു. അപ്പോൾ ആ അവതാരികയിൽ അദ്ദേഹം സൂചിപ്പിച്ചത്പ്രകാരം പാലിയും മലയാളവും മാത്രമേ അതിൽ ഉള്ളൂ എന്ന് മനസ്സിലാക്കാം. അദ്ദേഹം സൂചിപ്പിച്ചത്, ഇതിനൊരു സംസ്കൃതഛായ കൂടി കൊടുക്കുകയാണെങ്കിൽ അത് വായനക്കാർക്ക് കൂടുതൽ നന്നായിരിക്കും, അല്ലെങ്കിൽ അവർക്ക് പാലി നേരിട്ട് മനസ്സിലാക്കാൻ പ്രയാസം ആയിരിക്കുമല്ലോ. അതുപോലെത്തന്നെ ഒരു ചെറിയ വ്യാഖ്യാനം കൂടി കൊടുത്താൽ കൂടുതൽ നന്നായിരിക്കും. അപ്പോൾ ഈ രണ്ടു കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ മകൻ പി. നാരായണൻ നമ്പീശൻ ആണ്, 1980 ൽ അതിനു പുതിയൊരു പതിപ്പ് പ്രസിദ്ധീകരിച്ചത്. അത് മാതൃഭൂമി പിന്നീട് പ്രസിദ്ധീകരിച്ചിരുന്നു. 2007 ൽ പ്രസിദ്ധീകരിച്ച ഒരു പതിപ്പാണ് ഞാൻ ഇതുവരെ നോക്കിയത്. അതിനുശേഷം സഹോദരൻ അയ്യപ്പൻ, മലയാളത്തിലേക്ക് ധർമ്മപദം പരിഭാഷപ്പെടുത്തിയിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പലരും അതിനെപ്പറ്റി എഴുതിയിട്ടുണ്ട്. സാനു മാസ്റ്റർ, സഹോദരൻ അയ്യപ്പന്റെ ജീവചരിത്രത്തിൽ അതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. സഹോദരൻ അയ്യപ്പന്റെ ഭാര്യാപിതാവായ ഇ.കെ അയ്യാകുട്ടി ജഡ്ജിയുമായി ചേർന്ന് അദ്ദേഹം പരിഭാഷ നിർവഹിച്ചിട്ടുണ്ട് എന്നാണ് അതിൽ പറയുന്നത്. പക്ഷേ, ആ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് അറിയില്ല. ഒന്ന്, രണ്ട് പേരോട് അന്വേഷിച്ചപ്പോൾ കൃത്യമായ വിവരം എനിക്ക് കിട്ടിയില്ല.

അതിനുശേഷം ശ്രദ്ധേയം ആയിട്ടുള്ള ഒരു വിവർത്തനം, മൂലൂർ എസ് പത്മനാഭ പണിക്കരുടേതാണ്. സരസകവി മൂലൂർ, ഒരു കവി മാത്രമായിരുന്നില്ല, അദ്ദേഹം വലിയൊരു സന്നദ്ധപ്രവർത്തകൻ കൂടിയായിരുന്നു. ഇന്നത്തെ നിലയ്ക്ക് നോക്കുമ്പോൾ കേരളത്തിന്റെ ഉണർവിനും, അവബോധത്തിനും, അതിന്റെയൊക്കെ രൂപീകരണത്തിനും, വലിയ തോതിൽ പിന്തുണ നൽകിക്കൊണ്ടിരുന്ന ഒരാളാണ്. കുറുമ്പൻ ദൈവത്താനെ പോലുള്ള എംഎൽസി ആയിട്ടുള്ള ആൾക്ക് ഹർജികളും നിവേദനങ്ങളും ഒക്കെ തയ്യാറാക്കുന്നതിൽ സഹായിച്ചിരുന്ന ആളാണ്. അദ്ദേഹത്തിന്റെ ധർമ്മപദം വിവർത്തനം പോലെത്തന്നെ, സദ്വൃത്തം എന്ന പേരിൽ സമാഹരിച്ച കവിതകളും ആ നിലയ്ക്ക് വളരെ ശ്രദ്ധേയമാണ്. അത് 1925 ൽ അദ്ദേഹം എഴുതി പൂർത്തിയാക്കി. പക്ഷേ അദ്ദേഹത്തിന്റെ ജീവിതകാലത്ത് പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. വളരെ കാലങ്ങൾക്ക് ശേഷം 1980 ലോ, 1990 ലോ അദ്ദേഹത്തിന്റെ മകനാണ് അത് പിന്നീട് പ്രസിദ്ധീകരിച്ചത്.

വൈദ്യഭൂഷണത്തിന്റെ തർജ്ജമ 1958ലോ 1959ലോ വന്നതിനു ശേഷം മാധവന് അയ്യപ്പത്തിന്റെ ഒരു തർജ്ജമയും 2000 ത്തിൽ പുറത്തിറങ്ങി. 26 വർഗ്ഗങ്ങൾ എന്ന് പറയുന്ന അദ്ധ്യായങ്ങളാണ് അതിലുള്ളത്. അത്, അതേ ക്രമത്തിൽ അല്ലാതെ, വിഷയാധിഷ്ഠിതമായി പുന:ക്രമീകരിച്ച് ആചാര്യ വിനോബാഭാവെ പ്രസിദ്ധീകരിച്ച രീതിയിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്. പിന്നീട് 2014 ൽ 'ബുദ്ധധർമ്മ കഥകൾ' എന്ന പേരിൽത്തന്നെ വിവർത്തനവും അതിന് ആസ്പദ മായി ട്ടുള്ള കഥകളും കൂട്ടിച്ചേർത്ത് ഒരു പ്രസിദ്ധീകരണവും അദ്ദേഹം നടത്തി യിട്ടുണ്ട്. അതിനിടയ്ക്ക്, 1998 ൽ വിജു വി നായർ ഒരു ഗദ്യപരിഭാഷ തയ്യാറാക്കിയിട്ടുണ്ട് എന്ന് അറിയുന്നു. പക്ഷേ അത് ഞാൻ കണ്ടിട്ടില്ല. സഹോദരൻ അയ്യപ്പന്റെയും, വിജു വി നായരുടെയും, പരിഭാഷകൾ നോക്കിയിട്ടില്ല. ചരിത്രത്തിൽ നിന്നുതന്നെ ഏതാണ്ട് നൂറ് കൊല്ലത്തിൽ അധികമായി, ധർമ്മപദം മലയാളത്തിലെ മുഖ്യധാര സാഹിത്യത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു ഗ്രന്ഥമാണ് എന്ന് നമുക്ക് മനസ്സിലാകും.

എന്താണ് ഈ മലയാള സന്ദർഭങ്ങൾ എന്നതു ചർച്ച ചെയ്യേണ്ട തുണ്ട്. ബുദ്ധമതം കേരളത്തെ വളരെ സ്വാധീനിക്കുന്നുണ്ട് എന്ന് നമുക്കറിയാം. ഉത്സവങ്ങൾ മാത്രമല്ല, അഷ്ടാംഗഹൃദയം - തുടങ്ങി

ആയുർവേദം പോലെ പലതും ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്. ഇതെല്ലാം സാധാരണ, നമ്മുടെ ചരിത്രപുസ്തകങ്ങളിൽ, ചരിത്ര പണ്ഡിതന്മാരൊക്കെ പറഞ്ഞിട്ടുള്ളതാണ്. അതുപോലെത്തന്നെ പടിഞ്ഞാറൻ ദിക്കുകളിൽ നിന്നും ധാരാളം ബുദ്ധപ്രതിമകൾ നമുക്ക് കിട്ടിയിട്ടുണ്ട്. പ്രാചീന കേരളത്തിൽ ബുദ്ധധർമ്മത്തിന്റെ സ്വാധീനം വളരെ പ്രധാനമായിരുന്നു എന്ന് പറയാം. പരസ്പരസഹകരണത്തിന്റെയും പരസ്പരസമന്വയത്തിന്റെയും അന്തരീക്ഷത്തിലാണ് ബുദ്ധധർമ്മം അന്ന് വളർന്നു വന്നിരുന്നത് എന്ന് കരുതാനും സാധ്യതയുണ്ട്. ഈ ആദ്യഘട്ടത്തിന് ശേഷം, ബുദ്ധധർമ്മം സ്വാധീനിക്കുന്നത് ദേശീയതയുടെ പശ്ചാത്തലത്തിലാണ് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി, അല്ലെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തോട് കൂടി, പുതിയൊരു ദേശീയ ബോധം ഇന്ത്യയിൽ ഒട്ടാകെ ഉണ്ടാവുകയും, 1916 ഓടുകൂടി ഗാന്ധിജി അതിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. ദേശീയബോധത്തോടൊപ്പം ആ ദേശീയതയോട് ഏതാണ്ട് ഇണങ്ങിച്ചേരുന്ന പ്രാദേശികമായ ബോധങ്ങളും, ഇന്ത്യയുടെ പല ഭാഗങ്ങളിലും രൂപപ്പെട്ടു വന്നു. അതിനു പ്രധാനപ്പെട്ട ഒരു ആശയാടിത്തറയായി വർത്തിച്ചത്, ഒന്ന് - വേദോപ നിഷത്തുകളുടേയും അതുപോലെത്തന്നെ സംസ്കൃതകൃതികളുടെയും ഒക്കെ പുതിയ വ്യാഖ്യാനങ്ങൾ ആണ്. പുതിയ വ്യാഖ്യാനങ്ങൾ എന്ന് പറയാൻ കാരണം പരമ്പരാഗതരീതിയിൽ സംസ്കൃതം പഠിച്ചവരാണ് ഇതൊക്കെ ചെയ്യുന്നത് എങ്കിലും പോലും ഇംഗ്ലീഷിലൂടെ ഒന്ന് പുനർനവീകരിക്കപ്പെട്ട, അതായത് ഇംഗ്ലീഷുകാരുടെ നോട്ടത്തിലൂടെയും വ്യാഖ്യാനത്തിലൂടെയും പുനർനവീകരിക്കപ്പെട്ട സംസ്കൃതത്തെ, ആധുനികമായി സ്വീകരിക്കുന്ന ഒരു പ്രക്രിയയാണ് മിക്കവാറും ഈ കാലത്തെ വിവർത്തനത്തിൽ നടന്നിട്ടുള്ളത്. ഒരു അടിത്തറ തീർച്ചയായും അതുതന്നെയായിരുന്നു. അതിൽ ഭഗവദ്ഗീതയ്ക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട്. അതുപോലെത്തന്നെ ഒരു സ്ഥാനം, ഈ ബുദ്ധമത തത്വങ്ങൾക്കുമുണ്ട്. നിശ്ചയമായിട്ടും ഗാന്ധിജി ദേശീയപ്രസ്ഥാനത്തിന്റെ അമരത്തേക്ക് വന്നതോടുകൂടി അഹിംസ എന്നത് നമ്മുടെ മാത്രമല്ല, നിത്യജീവിതത്തിന്റെ തന്നെ വളരെ പ്രധാനപ്പെട്ട ഒരു മൂല്യമായി മാറിക്കഴിഞ്ഞു എന്ന് നമുക്കറിയാം.

അഹിംസ നിശ്ചയമായിട്ടും ബുദ്ധധർമ്മവുമായി കൂടി ബന്ധപ്പെട്ടതായ ത്കൊണ്ട് ആയതുകൊണ്ട് ഒരു സ്വാംശീകരണം ഇതിൽ ഉണ്ടായിരുന്നു. ഈ ഉപനിഷത്ത്ജ്ഞാനവും, ഗീതാജ്ഞാനവും, ബുദ്ധധർമ്മവും, സമാന്തരമായിട്ടാണ് ആ കാലത്തെ ദേശീയ ബോധത്തെയും അതിന്റെ ഭാഗമായിട്ടുള്ള കേരളീയ ബോധ ത്തെയും ഒക്കെ രൂപപ്പെടുത്തിയത്. ഈ കാലത്താണ് ധർമ്മപദ ത്തിന്റെ വിവർത്തനങ്ങളും ഉണ്ടാകുന്നത്. ഇതാണ് രണ്ടാമത്തെ ഒരു കാര്യം.

മൂന്നാമത്തേതായ ഒരു ഘട്ടം ആധുനികോത്തരമായ കാലത്താണ്, ബുദ്ധനിലേക്ക് നാം തിരിഞ്ഞു നോക്കുന്നത് മിക്കവാറും ഒരു ദളിത് അവബോധത്തിന്റേയും ദളിത് നവോത്ഥാനത്തിന്റെയും ഒക്കെ പശ്ചാത്തലത്തിലാണ്. അത് അംബേദ്കറിലൂടെ വരുന്ന ഒരു ബുദ്ധൻ ആണെന്ന് നമുക്ക് അല്പം അതിശയോക്തി കലർത്തി പറയുവാൻ സാധിക്കും. അംബേദ്കർ അവസാനകാലത്ത് ബുദ്ധമതം സ്വീകരിച്ചി ട്ടുണ്ട്. ബുദ്ധമതതത്വങ്ങളിൽ, പ്രധാനമായ മൈത്രി, അദ്ദേഹത്തിന്റെ തത്വങ്ങളിൽ മുഖ്യമാണ്. അപ്പോൾ നിശ്ചയമായിട്ടും ദളിത് മുന്നേറ്റ ത്തിന്റെ, വലിയൊരു ആശയസ്രോതസ്സായി അംബേദ്കർ-ചിന്ത പ്രവർത്തിക്കുന്നുണ്ട്, എന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനോ ടൊപ്പം തന്നെയാണ് ഈ ബുദ്ധദർശനങ്ങളും ഇപ്പോൾ സമകാലികമായി ചർച്ചചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത്, ഗ്രന്ഥവിവർത്തനങ്ങൾ ആണ് പ്രധാനമായും നടന്നിരുന്നത് എങ്കിൽ ഇപ്പോൾ ഗ്രന്ഥവിവർത്തനം എന്നതിനേക്കാൾ കൂടുതൽ തമസ ്കരിക്കപ്പെട്ടു പോയതോ അല്ലെങ്കിൽ വേണ്ടത്ര വെളിച്ചത്തു വരാത്തതോ ആയ ബൗദ്ധമായ അവശിഷ്ടങ്ങൾ കണ്ടെടുത്ത്, അതിനെ സ്ഥാപിക്കുന്ന ഒരു പ്രവർത്തനം ചരിത്രത്തിന്റെ മേഖലയിലൊക്കെ നടക്കുന്നുണ്ട്. സമകാലികമായിട്ടും അങ്ങനെ ബുദ്ധധർമ്മത്തിന് വലിയൊരു പ്രാധാന്യം നമ്മുടെ സംസ്കാരത്തിൽ ഉണ്ട്. ഇങ്ങനെ മൂന്നു ഘട്ടങ്ങൾ പറഞ്ഞു എന്നു വെച്ച് ഇതിനിടയ്ക്ക് ഇതൊന്നും നടന്നിട്ടില്ലെന്ന് വിചാരിയ്ക്ക രുത്. എങ്കിലും ഈ മൂന്നു സന്ദർഭങ്ങൾ പ്രധാനമാണ് എന്ന് തോന്നുന്നു. ഇതിൽ രണ്ടാമത്തേത് എന്ന് പറയുന്ന, ദേശീയപ്രസ്ഥാനത്തിന്റെയും, ദേശീയ ബോധത്തിന്റെയും, ഐക്യകേരളബോധത്തിന്റെയുമൊക്കെ ഒരു ആശയപശ്ചാത്തലത്തിലാണ് നാം ഇവിടെ പരിശോധിക്കുന്ന ഗ്രന്ഥമായ

ധർമ്മപദത്തിന്റെ വിവർത്തനങ്ങൾ വന്നിട്ടുള്ളത്. ഈ വിവർത്തനങ്ങളിൽ ശ്രദ്ധേയമായിട്ട് തോന്നുന്ന ഒന്ന്, രണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിക്കാം. ധർമ്മപദത്തിനു വേറെയും വിവർത്തനങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. എന്തായാലും ഒരു നൂറ്റാണ്ടിലേറെയായി ധർമ്മപദം മലയാളത്തിൽ വന്നിട്ട്. വ്യത്യസ്തകാലഘട്ടങ്ങളിൽ പുതിയ തർജ്ജമകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ധർമ്മപദത്തിലേക്ക് പുതുതായി നോക്കാൻ ആളുകളെ പ്രേരിപ്പിച്ച സന്ദർഭങ്ങൾ, അവ നമ്മുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട വഴിത്തിരിവുകൾ ഉണ്ടായ സന്ദർഭങ്ങൾ ആണോ, കേവലം യാദൃശ്ചികതയ്ക്ക് അപ്പുറം എന്തെങ്കിലും ബന്ധങ്ങൾ അല്ലെങ്കിൽ പരസ്പരവിനിമയങ്ങൾ ഓരോ കാലഘട്ടവും പരിഭാഷകളും തമ്മിൽ ഉണ്ടാകുന്നുവോ, എന്നീ ചോദ്യങ്ങളെ അൽപനേരം പിന്തുടരുന്നത് പാഴ്വേലയല്ല. തേലപ്പുറത്ത് നാരായണൻ നമ്പി, സരസകവി മൂലൂർ, രാഘവൻ തിരുമുല്പാട്, മാധവൻ അയ്യപ്പത്ത് എന്നിവരുടെ വിവർത്തനങ്ങൾ ആണ് ഇവിടെ പറഞ്ഞത്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കേരളത്തിന്റെ ചിന്താമണ്ഡലത്തിൽ പ്രധാനപ്പെട്ട ഒരു വിഷയമായിരുന്നു മതപരിവർത്തനം. ക്രിസ്ത്യൻ മിഷണറിമാരുടെ മതപരിവർത്തനശ്രമങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ ഫലം കണ്ടുതുടങ്ങിയിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ, അതോടൊപ്പംതന്നെ ബുദ്ധമതവും സജീവചർച്ചാവിഷയമായി. വിശേഷിച്ച്, ഈഴവരുടെ ഇടയിലാണ് അത് കൂടുതൽ വലിയ രീതിയിൽ ഉണ്ടായത് ഹിന്ദുമതത്തിന്റെ ജാതിമേൽക്കോയ്മയിൽ നിന്നും മോചനം നേടാനുള്ള വഴി എന്ന നിലയിൽ ആണ് മതപരിവർത്തനത്തെ പലരും സ്വീകരിച്ചത്. നാരായണഗുരു തന്നെ മതപരിവർത്തനത്തിന് എതിരായിരുന്നില്ല. വൈക്കം സത്യാഗ്രഹത്തിന്റെ സന്ദർഭത്തിൽ ഗാന്ധിജിയുമായി നാരായണഗുരു നടത്തിയിരുന്ന ഒരു സംഭാഷണ ഭാഗം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഗാന്ധിജി, ആധ്യാത്മികമായ മോക്ഷത്തിന് ഹിന്ദുമതം മതിയാകുമോ എന്ന് നാരായണഗുരുവിനോട് ചോദിച്ചു. ആധ്യാത്മികമായ മോക്ഷത്തിന് ഹിന്ദുമതം മതിയാകും, പക്ഷേ ലൗകികമായ മോചനം ആണല്ലോ ആവശ്യം. അതിന് ഹിന്ദുമതം മതിയാകില്ല എന്ന് തന്നെ അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ നാരായണഗുരു

പറഞ്ഞിട്ടുണ്ട്. അതിന്റെ സാരം, നാരായണ ഗുരു മതപരിവർത്തനത്തെ മനസ്സാ അനുകൂലിച്ചിരുന്നു എന്നാണെന്ന് വ്യാഖ്യാനിക്കാം. ഇനി അല്ലാത്ത ചില പ്രസ്താവനകൾ അദ്ദേഹം നടത്തിയിട്ടുണ്ടെങ്കിൽ പോലും, സാന്ദർഭികമായി നമുക്ക് മനസ്സിലാകുന്നത് അതാണ്. വലിയ ഒരു വിഷയമായി അന്ന് മതപരിവർത്തനം വന്നിരുന്നു. ഇതിൽത്തന്നെ മിതവാദി സി. കൃഷ്ണനാണ്, ഈഴവർ ബുദ്ധമതത്തിലേക്ക് ചേരണം, അതു മാത്രമാണ് അവരുടെ ജാതി അടിമത്വത്തിൽ നിന്നുള്ള ഒരു വിമോചനമാർഗ്ഗം, എന്ന് വളരെ ശക്തമായി വാദിച്ചിരുന്ന ആൾ. അദ്ദേഹം നടത്തിയിരുന്ന മിതവാദി മാസികയുടെ ഒരു സഹപത്രാധിപനായിരുന്നു തേലപ്പുറത്ത് നാരായണൻ നമ്പി. അത് ധർമ്മപദം വിവർത്തനത്തിനു ശേഷമാണ്, എന്നാണ് ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ നിന്നും മനസ്സിലാകുന്നത്. ഈ ധർമ്മപദം വിവർത്തനം ആയിരിക്കണം ഒരുപക്ഷേ മിതവാദി പത്രത്തിന്റെ സഹപത്രാധിപരായി പ്രവർത്തിക്കാൻ, അതിന് ക്ഷണിക്കാൻ, മിതവാദി സി. കൃഷ്ണനെ പ്രേരിപ്പിച്ചത് എന്ന് അദ്ദേഹം അതിൽ സൂചിപ്പിക്കുന്നുണ്ട്. എന്തായാലും ശരി, ആ കാലത്തെ മതപരി വർത്തനവും ആ മതപരിവർത്തനത്തിൽത്തന്നെ ബുദ്ധമതത്തി നുള്ള പ്രാധാന്യവും മനസ്സാ അറിഞ്ഞിരുന്ന ആളാണ് തേലപ്പുറത്ത് നമ്പി എന്ന് വിചാരിക്കാം. ബുദ്ധധർമ്മത്തിന്റെ ഒരു പ്രധാനപ്പെട്ട പുസ്തകം എന്ന നിലയിൽ ധർമ്മപദത്തെ പലരും വിശേഷിപ്പിച്ചിട്ടുള്ളത് ബുദ്ധ മതത്തിന്റെ ഭഗവദ്ഗീതാ എന്നാണ്. എ. ജി കൃഷ്ണ വാര്യർ, ബുദ്ധമതം എന്ന പേരിൽ ഒരു ചെറിയ പുസ്തകം, തിരുവിതാംകൂർ സർവകലാശാല പ്രസിദ്ധീകരിച്ചിരുന്നു. ബുദ്ധമതധർമ്മങ്ങൾ മനസ്സിലാകുന്ന വിധത്തിൽ ആധുനികതത്വശാസ്ത്രങ്ങളുമായി ബന്ധിപ്പിച്ച്, ഡെക്കാർട്ടസിന്റെ ഒക്കെ തത്വശാസ്ത്രവുമായി ബന്ധിപ്പിച്ച്, അവതരിപ്പിക്കുന്ന ഒരു ചെറിയ പ്രസി ദ്ധീകരണമാണ് അത്. ആ പുസ്തകത്തിന്റെ അദ്ദേഹം ആദ്യ ഭാഗത്ത് ധർമ്മപദത്തെപ്പറ്റി പറയുന്നിടത്ത് പറയുന്നത്, 'ബുദ്ധമതത്തിന്റെ ഭഗവദ്ഗീത' എന്നാണ്. നേരത്തേ സൂചിപ്പിച്ച സരസകവി മൂലൂരിന്റെ ഗ്രന്ഥത്തിനും ബാലരാമപ്പണിക്കർ ഒരു വലിയ വിസ്തൃതമായ ആമുഖം എഴുതിയിട്ടുണ്ട്. അതിലാണ് എന്ന് തോന്നുന്നു 'ബുദ്ധമതത്തിന്റെ ഭഗവദ്ഗീതാ' എന്ന് പറഞ്ഞിരിക്കുന്നത്. പ്രബോധചന്ദ്രൻ അതിനെ ക്കുറിച്ച് ഒരു പഠനം എഴുതിയിട്ടുണ്ട്.

ഇങ്ങനെ ഒരു സ്ഥാനം ബുദ്ധമതത്തെ സംബന്ധിച്ചിടത്തോളം ധർമ്മപദത്തിന് ഉണ്ട്. മലയാളത്തിലേക്ക് ധർമ്മപദത്തെ കൊണ്ടുവരാൻ നമ്പിയെ പ്രേരിപ്പിച്ച ഘടകങ്ങളിൽ ഒന്ന്, ഈ പറഞ്ഞ മതപരി വർത്തനത്തിന്റെ പശ്ചാത്തലം ആയിരിക്കും. അപ്പോൾ ഇത് സൂചിപ്പിക്കാൻ കഴിയുന്ന ഒരൊറ്റ ഗാഥ, മൂലൂരിന്റെ വിവർത്തനത്തിൽ നിന്നും ഞാനിവിടെ പറയാം.വിവർത്തനത്തിന് വാക്കുകൾ തിരഞ്ഞെടുക്കുന്നത് മൂലത്തിലെ ആശയത്തെ വ്യക്തമായി പ്രകാശി പ്പിക്കാൻ ആണ്. സാധാരണ നമ്മൾ അങ്ങനെ യാണെന്ന് കരുതുന്നത്. പ്രാഥമിക ലക്ഷ്യം ഇതാണ് എന്ന് എല്ലാ വിവർത്തനങ്ങളെപ്പറ്റിയും പറയാം. പക്ഷേ, ആ വാക്കുകൾക്ക് അവയുടേതായ അർത്ഥമണ്ഡലം, അർത്ഥങ്ങളുടെ ഈഷത്ഭേദത്തോടു കൂടിയ ഛായകൾ അടങ്ങുന്ന ഒരു മണ്ഡലം ഉള്ളതുകൊണ്ട്, ഏതു വാക്കിനും അതുണ്ടല്ലോ, വിവക്ഷയോടൊപ്പം ചില സൂചനകളും തിരഞ്ഞെടുത്ത വാക്കുകളിൽ കടന്നു വന്നേ ക്കാം. അതിന് ചിലപ്പോൾ എങ്കിലും തൽക്കാല സന്ദർഭവുമായി ബന്ധമുണ്ടെന്നും വരാം. ഇതൊന്നും തികച്ചും യാദൃശ്ചികം ആകണമെന്നില്ല. അതുകൊണ്ട് ഉടനീളം അങ്ങിനെ പ്രതീക്ഷിച്ചു കൂടാ താനും. ഒന്നോ രണ്ടോ ഉദാഹരണങ്ങളിൽ നിന്നും ഇങ്ങനെ ഒരു നിഗമനത്തിൽ എത്തുന്നതും ശരിയായിരിക്കില്ല. എന്നാൽ അങ്ങനത്തെ പ്രതീതികളെ തീരെ അവഗണിക്കാനും വയ്യ. ഒരു ഗാഥയുടെ വിവർത്തനത്തിലെങ്കിലും, താൻ തിരഞ്ഞെടുത്ത വാർഡുകളിൽ സന്നദ്ധപ്രവർത്തകൻ എന്ന നിലയിൽ ജീവിച്ച കാലത്തിന്റെ സംസ്കാരം കാണുവാൻ സാധിക്കും. അതായത് മത പരിവർത്തനത്തിൽ മൂലൂർ, ദളിത് പ്രവർത്തകർക്ക് അനുകൂലമായ നിലപാട് പ്രായോഗികമായി എടുത്തുവെന്ന ആ പശ്ചാത്തലം, ഒരു ഗാഥയുടെ വിവർത്തനത്തിൽ പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്. ലോകവർഗ്ഗം എന്ന പതിമൂന്നാമത്തെ അധ്യായത്തിലെ, പന്ത്രണ്ടാമത്തെ ഗാഥയാണ് അത്. മനസ്സിലാക്കാൻ നമ്പി നൽകിയ ഗദ്യവിവർത്തനം ആദ്യം ഉദ്ധരിക്കാം, 'ഭൂമിയുടെ ഏകരാജാവായി ഭവിക്കുന്നതിലും, സ്വർഗ്ഗത്തെ ഗമിക്കുന്നതിലും, സർവ്വ ലോകങ്ങൾക്കും അധിപതിയായി ഭവിക്കുന്നതിലും, ശ്രേഷ്ഠമായിട്ടുള്ളത് ശ്രോതാപത്തിയിൽ നിന്നുള്ള ഫലമാകുന്നു'എന്നാണ് ഗദ്യ വിവർത്തനം. ഇവിടെ വിവർത്തനം

കിളിപ്പാട്ട് മട്ടിലാണ്. വിടർത്തിയിട്ടുള്ള ഒരു വിവർത്തനമാണ്. വളരെ സൂത്രരൂപത്തിലുള്ളതല്ല.

'നാട്ടിന്നൊരേകരാട്ടായ് വാഴുന്നതിനേക്കാളും,

പിന്നൊരാഢ്യനായ് സ്വർഗ്ഗപ്രാപ്തി നേടിക്കൊൾവതേക്കാളും,

നാട്ടുകാർക്കൊക്കെ മേലാവാകയേക്കാളും,

ഏറ്റവും ശ്രേഷ്ഠമായുള്ളതത്രെ ശ്രോതാപത്തി തൻ ഫലം'.

'ആഢ്യൻ', 'മേലാവ്', 'ഏകരാട്ട്' മുതലായ വാക്കുകൾ അദ്ദേഹം പ്രയോഗിച്ചു. ഏകരാജാവ് എന്നുള്ളത് ഇതിൽ ഉണ്ട്. പക്ഷേ, സ്വർഗ്ഗത്തെ ഗമിക്കുക എന്നതും, സർവലോകങ്ങൾക്കും അധിപതി ആയിരിക്കുക എന്നതും, ആഢ്യ ശബ്ദം ഇതിൽ പ്രയോഗിച്ചിട്ടുള്ളതും, ഒരുപക്ഷേ ആ കാലത്ത് നടന്നിട്ടുള്ള ബ്രാഹ്മണമേധാവിത്വത്തിന് ഒക്കെ എതിരായിട്ടുള്ള സമരങ്ങളും മുന്നേറ്റങ്ങളും ഒക്കെ നമ്മുടെ മനസ്സിൽ കൊണ്ടുവന്നു കൂടാ എന്നില്ല. ഇത് പറയുമ്പോൾ വേറൊരു കാര്യം കൂടെയുണ്ട് ഇത് അറിയാവുന്ന നമ്മളാണ് ഇത് വായിക്കുന്നത് എന്നതുകൊണ്ട്, ഒരു പക്ഷേ അതിലേക്ക് ചാഞ്ഞുപോകും. എത്രയെങ്കിലും ചായാനുള്ള ഒരു സാധ്യത ഈ ഭാഷയിൽ ഉണ്ട്, എന്നാണ് പറയാൻ ഉദ്ദേശിച്ചത്.

മറ്റ് രണ്ടുപേരും, രാഘവൻ തിരുമുൽപ്പാടും, അയ്യപ്പത്തും, കൊടുക്കുന്ന വിവർത്തനത്തിൽ ഒരു ചെറിയ വ്യത്യാസം എനിക്ക് കാണുന്നുണ്ട്. 'ശ്രോതാപത്തി' എന്ന വാക്ക് അവർ ഉപയോഗിക്കു ന്നില്ല. അതൊരു സാങ്കേതികസ്വഭാവമുള്ള വാക്കാണ്. നാല് ആര്യധർമ്മങ്ങളിൽ ഒന്നാണ് അത്. അതില്ലാതെ ആണ് ഇവർ വിവർത്തനം ചെയ്യുന്നത്. വിവർത്തനങ്ങളിൽ കാണുന്ന പദങ്ങളേക്കാൾ തത്കാല സമൂഹ വിമർശനപരമാണ് 'ആഢ്യനായ് സ്വർഗ്ഗപ്രാപ്തി' എന്ന മൂലൂരിന്റെ പ്രയോഗം. സർവ്വലോകേശസാമാന്യമാണ്. നാട്ടുകാർക്കൊക്കെ മേലാവ് കുറെക്കൂടി മൂർത്തമായാണിരിക്കുന്നത്. ജാത്യാധികാരവിമർശനസ്വരം മൂലൂരിൽ അല്പംകൂടി പ്രകടമാണ്. അത് മൂലത്തിൽ നിന്നും വ്യതി ചലിക്കാത്തത്, അത് തിരഞ്ഞെടുത്ത വാക്കുകൾ മൂർത്ത സന്ദർഭത്തെ ഓർമിപ്പിക്കുന്നത് കൊണ്ടാണ്. മറ്റു രണ്ടു വിവർത്തന ങ്ങളിലെ, അതായത് രാഘവൻ തിരുമുൽപ്പാടിന്റേയും അയ്യപ്പത്തി ന്റെയും വാക്കുകൾ അങ്ങനെയൊരു അധികമൂല്യം നമുക്ക് കാണിച്ചു തരുന്നു.

ദ്രവ്യം എന്നത്, ഇന്ന് സാധാരണ നിലയിൽ പണം, സമ്പത്ത് എന്ന അർത്ഥമാണ് സൂചിപ്പിക്കുന്നത് എന്ന് തോന്നുന്നു. ഈ ദ്രവ്യലാഭം എന്ന വാക്ക് മൂലൂർ മാത്രമാണ് തർജ്ജമയിൽ ഉപയോഗിക്കുന്നത്. ലാഭോപനിഷത്ത് എന്നാണ് അതിന്റെ മൂലത്തിന്റെ സംസ്കൃതഛായ. അത് ലാഭത്തിനുള്ള ആഗ്രഹം എന്നാണ് നമ്പി വിവർത്തനം ചെയ്യുന്നത്. ലാഭത്തിനുള്ള സരണി എന്ന് മൂലൂർ. ലൗകികലാഭം എന്നാണ് തിരുമുൽപ്പാടും. ഊഴിയിൽ നേട്ടം എന്നാണ് അയ്യപ്പത്ത് വിവർത്തനം ചെയ്യുന്നത്. ഈ ദ്രവ്യം, സമ്പത്ത് എന്ന അർത്ഥത്തിൽ ഉറയ്ക്കുന്നത് യഥാർത്ഥത്തിൽ ആധുനികകാലത്താണ്. അപ്പോൾ മൂലൂർ എന്തുകൊണ്ട് ദ്രവ്യം എന്ന വാക്കു തന്നെ തിരഞ്ഞെടുത്തു? അക്കാലത്ത് ദ്രവ്യത്തിനുള്ള അർത്ഥം കൂടി അതിൽ ഉള്ളടങ്ങിയിട്ടുണ്ട് എന്ന് നമുക്ക് തോന്നും. ദ്രവ്യം എന്ന വാക്കിന്, (നമുക്കതറിയാൻ നിഘണ്ടു മാത്രമാണ് ഒരു മാർഗ്ഗം) ശബ്ദതാരാവലി നൽകുന്ന ആദ്യത്തെ അർത്ഥം-സമ്പത്ത് അതുപോലെത്തന്നെ ജംഗമവസ്തു, ധനം, സ്വർണ്ണം എന്നിവയാണ്. ഗുണങ്ങൾക്ക് ആശ്രയഭൂതമായ പൃഥിവ്യാദികൾ എന്നത് കൊടുക്കുന്നു. തുടർന്ന് വെള്ളോട്, മദ്യം തുടങ്ങിയ ചില അർത്ഥങ്ങളും കൊടുക്കുന്നു. ദ്രവ്യത്തിന് ഇങ്ങനെ ചില അർത്ഥങ്ങൾ കൂടി ഉണ്ടെങ്കിലും, ദ്രവ്യവാൻ എന്ന വാക്ക് ശബ്ദതാരാവലിയിൽ ഉണ്ട്. അതിന് ധനവാൻ എന്ന് തന്നെയാണ് അർത്ഥം. ദ്രവ്യശക്തി എന്നതിന് ധനപുഷ്ടി എന്നത് തന്നെയാണ് അർത്ഥം. അപ്പോൾ ദ്രവ്യത്തിന്റെ അർത്ഥം, ധനം എന്നതിൽ ഉറച്ചു കഴിഞ്ഞു. 1917 ലാണ് ശബ്ദതാരാവലിയുടെ ആദ്യത്തെ പതിപ്പ് പ്രസിദ്ധീകരിച്ചത്. ദ്രവ്യം എന്ന വാക്ക് ആദ്യത്ത പതിപ്പിൽ ഉണ്ടോ എന്ന് ചോദിച്ചാൽ എനിക്കറിയില്ല. 1872 ലാണ് ഗുണ്ടർട്ട് നിഘണ്ടു ഒന്നാം പതിപ്പ് വരുന്നത്, ഏതാണ്ട് ഒരു അമ്പത് കൊല്ലങ്ങൾക്ക് മുൻപാണ് എന്ന് പറയാം. ദ്രവ്യത്തിന് ആദ്യം നൽകുന്ന അർത്ഥം An object, Thing, An article, Stuff എന്നൊക്കെയാണ്. സമ്പത്ത് എന്നല്ല. ആദ്യത്തെ അർത്ഥം അതാണ്. അതിനുദാഹരണം കൊടുക്കുന്നത് പൂജാദ്രവ്യം എന്നാണ്. അപ്പോൾ സമ്പത്ത് അല്ല എന്ന് ഉറപ്പായല്ലോ. ........ Property എന്നാണ് രണ്ടാമത്തെ അർത്ഥം. മൂന്നാമത് മാത്രമാണ് Money അല്ലെങ്കിൽ പണം എന്നുള്ള അർത്ഥം വരുന്നത്. ദ്രവ്യം എന്ന വാക്ക് തന്നെ, ഒരു അമ്പത് കൊല്ലം കൊണ്ട് നമ്മുടെ അർത്ഥമണ്ഡലത്തിൽ, ഏതുതരത്തിലെല്ലാം

സഞ്ചരിച്ചു എന്ന് നോക്കിയാൽ ഈ വാക്കുകൾ, എങ്ങനെയാണ് കാലവുമായി സംവദിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. മറ്റു മൂന്നു വിവർത്തകരും, ദ്രവ്യം എന്ന വാക്ക് ഉപയോഗിക്കുന്നില്ല. ലാഭം എന്നുണ്ട്, ലൗകികത്വം എന്നുണ്ട്, ഈ ലോകത്തിന്റെ നേട്ടം എന്നുണ്ട്, ഇതൊക്കെ കുറച്ച് വിടർന്ന് നിൽക്കുന്നതാണ്. ലൗകികലാഭം എന്ന് പറയുന്നതോ, ലൗകിക നേട്ടങ്ങൾ എന്ന് പറയുന്നതോ' അതു സമ്പത്തുമായി മാത്രം കേന്ദ്രീകരിച്ച് ആയിരിക്കണം എന്നില്ലല്ലോ. എങ്കിലും അത് മാത്രമായി കേന്ദ്രീകരിച്ച് ആയിരിക്കണം എന്നില്ല ലൗകികമായ ലാഭം. അതേ സമയം, എന്തു കൊണ്ടായിരിക്കണം മൂലൂർ ഈ ദ്രവ്യം എന്നതിൽത്തന്നെ ഊന്നി പറഞ്ഞതെന്ന് ചോദിച്ചാൽ നിശ്ചയമായിട്ടും ദ്രവ്യത്തിന്റെ ആധിപത്യം ആർക്കാണ് എന്നുള്ളത്, സ്വാതന്ത്ര്യത്തെ നിർണ്ണയിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു ഘടകം തന്നെയാണ്. അപ്പോൾ ആ നിലയ്ക്ക് ലാഭം എന്നതിനെ ദ്രവ്യലാഭമായി കേന്ദ്രീകരിച്ചത്, അല്ലെങ്കിൽ ആ ഒരു അർത്ഥത്തിലേക്ക് പിടിച്ച് കൊണ്ടു വന്നത് ശ്രദ്ധിക്കേണ്ട ഒരു കാര്യം തന്നെയാണ്. ഇതുപോലെ നോക്കിയാൽ വേറെയും ഉദാഹരണങ്ങൾ കാണാൻ സാധിക്കും. അതിലേക്ക് ഇപ്പോൾ പോകേണ്ടതില്ല. ഇനി ഇങ്ങനെ മതപരിവർത്തനവും മതപരിവർത്തനത്തിന്റേതായ ജാതിനിഷേധപരമായിട്ടുള്ള വീക്ഷണങ്ങളും, ധർമ്മപദത്തിലേക്ക് ഉറ്റ് നോക്കാൻ തേലപ്പുറത്ത് നാരായണൻ നമ്പിയെപ്പോലെയോ മൂലൂരിനെപ്പോലെയുള്ള ആളുകളെ പ്രേരിപ്പിച്ചിരിക്കാം.

ഇതിനോട് തന്നെ ഏതാണ്ട് സമാന്തരമായിട്ടാണ് ആദ്യം സൂചിപ്പിച്ച ഒരു പുതിയ ദേശീയബോധത്തിന്റെ നിർമ്മിതി. ദേശീയ കർതൃത്വത്തിന്റെ അല്ലെങ്കിൽ ആത്മബോധത്തിന്റെ നിർമ്മിതി, ഇതിനോടൊപ്പം തന്നെ വരുന്നതാണ്. ഈ ആത്മബോധനിർമ്മിതിയെപ്പറ്റി എഴുതിയിട്ടുണ്ടെങ്കിലും വായിക്കാതെ അതിന്റെ ഒരു സംഗ്രഹം പറയുകയാണെങ്കിൽ, ഈ നിർമ്മിതിയിൽ മതമെന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു ഘടകം ആയിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. ഒരു ആധുനികവ്യക്തിയായി പരിണമിച്ചുകൊണ്ടിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം മതത്തെ എങ്ങനെ അഭിസംബോധന ചെയ്യണം എന്താണ് അതിനോട് പുലർത്തേണ്ട ഒരു മനോഭാവം എന്നത് അഭ്യസ്തവിദ്യരായ ആളുകളുടെ ഇടയിലെങ്കിലും പ്രധാനപ്പെട്ട ഒരു

ചിന്താവിഷയമായിരുന്നു എന്ന് പറയാം. മതം എന്ന് പറയുന്നത് ആചാര ങ്ങളും അനുഷ്ഠാനങ്ങളും ആണ് എന്നാണെങ്കിൽ, ആ ആചാരാനു ഷ്ഠാനങ്ങൾ പൂർണമായും തുടച്ചുനീക്കി എന്ന് പറയാൻ കഴിയി ല്ലെങ്കിലും, അതിന്റെ സ്ഥാനത്ത് ക്രമേണ ഒരു മൂല്യസംഹിത അല്ലെങ്കിൽ ഒരു മൂല്യവ്യവസ്ഥ എന്നുള്ള അർത്ഥത്തിൽ മതത്തെ കാണാനുള്ള ആഗ്രഹം ഉണ്ടാകുകയാണ് ചെയ്യുന്നത്. മതത്തിന് അത് ഉണ്ടോ എന്നതിനേക്കാൾ കൂടുതൽ, മതത്തിൽ നിന്ന് ഒരു മൂല്യവ്യവസ്ഥയോ, ഒരു മൂല്യസംഹിതയോ നമുക്ക് സ്വാംശീകരിച്ചെടുക്കാൻ സാധിക്കുമോ എന്നുള്ള ചിന്ത ആ കാലത്ത് ഉണ്ടായിരുന്നു. എങ്ങിനെ സ്വാംശീകരി ച്ചെടുക്കണം എന്നാണെങ്കിൽ, ആചാരങ്ങളും അനുഷ്ഠാനങ്ങളും ആയ മതത്തെ ഗ്രന്ഥനിഷ്ഠമായിട്ട് സമീപിക്കേണ്ടിവരും. അപ്പോൾ ഗ്രന്ഥനിഷ്ഠമായിട്ട് മതത്തെ സമീപിക്കുന്ന ഒരു പ്രക്രിയയാണ് മിക്കവാറും ഈ ആധുനികാത്മബോധത്തോടൊപ്പം നടന്നിട്ടുള്ളത്. അത് കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ എല്ലായിടത്തും നടന്നിട്ടുണ്ടാകാനാണ് സാദ്ധ്യത. കേരള ത്തിലും നടന്നിട്ടുണ്ട്. അപ്പോൾ ഈ ധർമ്മപദത്തിന്റെ വിവർത്തനം ഉൾപ്പെടെയുള്ള എത്രയോ വിവർത്തനങ്ങൾ, വ്യാഖ്യാനങ്ങൾ ആ കാലത്ത് വരുന്നു. ഇതൊക്കെ മതത്തെ സംബന്ധിച്ചുള്ള ഒരു പുതിയ മൂല്യസങ്കല്പത്തെ രൂപപ്പെടുത്തുന്നതിൽ പങ്കു വഹിച്ചിട്ടുണ്ട്. അപ്പോൾ അത് പണ്ഡിതന്മാരുടെ ഇടയ്ക്ക് മാത്രം നടന്ന ഒന്നാണെന്ന് പറയണമെന്നില്ല. മഹാത്മാഗാന്ധിയുടെ 'അനാസക്തിയോഗം' എന്ന ഭഗവദ്ഗീതാവിവർത്തനം ഭഗവദ്ഗീതാ എന്നതിനേക്കാൾ കൂടുതൽ നമ്മുടെ സ്വാതന്ത്ര്യസമരപ്രവർത്തകരെയും പുതിയൊരു കർതൃബോധത്തിലേക്ക് വന്നിട്ടുള്ള സാമാന്യജനങ്ങളെയും സ്വാധീനിച്ചിരിക്കാൻ ഇടയുള്ളതാണ്. 1932ൽ ആണ് അതിന്റെ ഒരു മലയാളം പരിഭാഷ മാതൃഭൂമി പ്രസിദ്ധീകരിച്ചത്. അതിനുശേഷമാണെ ങ്കിലും തിലകന്റെ 'ഗീതാരഹസ്യം' വന്നു. മലയാളത്തിൽ ആണെങ്കിൽ, കെ എം, വിപുലമായ ഒരു വ്യാഖ്യാനം നടത്തിയിട്ടുണ്ട്. അത് വേദാന്ത ത്തിന്റെ അടിസ്ഥാനത്തിലാണ്.എങ്കിലും ഈ വേദാന്തത്തിന്റെ അടിസ്ഥാനത്തിലുള്ള ഗീതാവ്യാഖ്യാനത്തിന് സമാന്തര മായിത്തന്നെ ഈ മൂല്യവ്യവസ്ഥയിലേക്ക് കടാക്ഷിച്ചു നിൽക്കുന്ന ഗീതാവ്യാഖ്യാന ങ്ങളും ഉപനിഷത്ത്വ്യാഖ്യാനങ്ങളും വേദസംബന്ധമായിട്ടുള്ള ലേഖന

ങ്ങളും വന്നിട്ടുണ്ട്. ഇതിനൊക്കെ ഒരു അടിസ്ഥാനം മുൻപേ പറഞ്ഞ പോലെ ഇംഗ്ലീഷിലുള്ള വിവർത്തനങ്ങളും വ്യാഖ്യാനങ്ങളും ആണ്. വേദങ്ങളും മറ്റും സാധാരണജനങ്ങൾക്ക് കയ്യെത്താവുന്ന ദൂരത്തല്ലല്ലോ. അപ്പോൾ അങ്ങനെ അവർക്ക് സാധിച്ചത് ഇംഗ്ലീഷിന്റെ കൂടെ സഹായ ത്തോടെയാണ് എന്ന് നമ്മൾ തീർച്ചയായും അറിഞ്ഞേ പറ്റൂ. ഇതോ ടുകൂടി എല്ലാവരും മതത്തെ മനസ്സിലാക്കിയോ എന്ന് ചോദിച്ചാൽ പൂർണ്ണ മായും അങ്ങനെയല്ല. എങ്കിലും ഗ്രന്ഥങ്ങൾ മതധാരണ ഉണ്ടാക്കുന്നതിൽ പ്രധാനമായിരുന്നു. അങ്ങനെ പ്രധാന മായിത്തീർന്ന ഗ്രന്ഥങ്ങളിൽ ഭഗവദ്ഗീതയും ഉൾപ്പെടുന്നു. മിക്കവാറും ബൈബിൾ വിവർത്തനങ്ങൾ ആയിരിക്കണം ഇതിലേക്ക് നയിച്ച ഒരു ഘടകം. കാരണം, ഈ മിഷണറി പ്രവർത്തനങ്ങളോട് കൂടിയിട്ട് എല്ലാ മിഷണറിമാരും ബൈബിൾ സ്വന്തം നിലയ്ക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ബൈബിൾ വിവർത്തനം ചെയ്യാനാണ് പലരും മലയാളം ഭാഷ പഠിച്ചത് പോലും. അങ്ങനെ വിവർത്തനരൂപത്തിൽ അത് പ്രസിദ്ധമായി മുൻപിൽ വന്നുനിൽക്കു മ്പോൾ തീർച്ചയായും ഗ്രന്ഥനിഷ്ഠമായ ഒരു സംവാദം ഉണ്ടായി മതവു മായി അങ്ങനെ ഒരു ബന്ധം ആ കാലത്തെ സംസ്കാരത്തിൽ രൂപപ്പെട്ടു വന്നു. അപ്പോൾ മറുവശത്ത് അങ്ങനെ ഏത് ഗ്രന്ഥവുമായി സംവദിക്കും? ഭഗവദ്ഗീതാ നിശ്ചയമായിട്ടും അങ്ങനെ ഉയർന്നുവന്നൊരു ഗ്രന്ഥമാണ്.

വേദങ്ങളെക്കാൾ കൂടുതൽ ആദ്യം ഉയർന്നുവന്നത് ഉപനിഷ ത്തുകൾ ആണ്. ഈ ഗ്രന്ഥാന്തരീക്ഷം എന്ന് പറയുന്നത് ഹിന്ദു മതത്തിന്റെ തന്നെ ആധുനീകരണത്തിനുള്ള ഒരു ഉപാധിയായി പ്രവർത്തിച്ചിട്ടുണ്ടാകും. അങ്ങനെ പ്രവർത്തിച്ച അതേ സന്ദർഭത്തിൽ തന്നെയാണ്, മതത്തെ പുതിയതായിട്ട്, വ്യത്യസ്തമായി നോക്കുക യാണെങ്കിൽ, നിശ്ചയമായിട്ടും മറ്റു മതങ്ങളുടെ മൂല്യങ്ങളും മറ്റു മതങ്ങളുടെ തത്വങ്ങളും കൂടി താരതമ്യപ്പെടുത്തിയും ഒരു സംവാദ ബന്ധത്തോട് കൂടിയും മനസ്സിലാക്കുന്നത്, മതത്തെ കൂടുതൽ നവീകരിക്കുന്നതിൽ നന്നായിരിക്കുമല്ലോ. നിശ്ചയമായിട്ടും അങ്ങനെ വരുന്ന ഒരു പുസ്തകം എന്ന നിലയിൽ ധർമ്മപദത്തിന് ഒരു സ്വീകാര്യത കിട്ടിയിരിക്കാൻ വലിയൊരു സാധ്യതയുണ്ട്. അപ്പോൾ ധർമ്മപദത്തിന്റെ തേലപ്പുറത്ത് നമ്പിയുടെ വ്യാഖ്യാനത്തിൽ തന്നെ പല ഗാഥകളും വിവർ ത്തനം ചെയ്തിട്ട്, അതിനു കൊടുക്കുന്ന അടിക്കുറിപ്പ് നമ്പിയുടേതാണോ

മകന്റെ ആണോ എന്നൊന്നും അറിയില്ല. ഇനി മകന്റെ ആണെങ്കിലും കുഴപ്പമില്ല. എന്തുപറഞ്ഞാലും, അതിന്റെ അടിക്കുറിപ്പിൽ ഉപനിഷത്തുമായിട്ടും അതുപോലെതന്നെ ഭഗവദ്ഗീതയിലെ പല പദ്യങ്ങളുമായിട്ടും താരതമ്യപ്പെടുത്തുന്ന അടിക്കുറിപ്പ് കാണാനാകും. അപ്പോൾ മലയാളത്തിൽ ഒരു പക്ഷേ ഇത് ഏതാണ്ട് സമാന്തര മായിട്ടായിരിക്കും ഈ ബന്ധം.

ഇവിടെ ഒരു കാര്യം കൂടി സൂചിപ്പിക്കാനുള്ളത് രാഘവൻ തിരുമുൽപ്പാടിന്റെ വിവർത്തനത്തിൽ തുടക്കം "ശ്രീബുദ്ധൻ" എന്നുള്ള പേരിൽ വളരെ ദീർഘമായ അറുപതോളം പേജുകൾ വരുന്ന ഒരു ഉപന്യാസം എഴുതിയിട്ടുണ്ട്. അതിൽ ഈ ബുദ്ധമതവും ഉപനിഷത്ത് ജ്ഞാനവും തമ്മിൽ അല്ലെങ്കിൽ ഭഗവദ്ഗീതാ ഉൾപ്പെടെയുള്ള ഗ്രന്ഥങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി അദ്ദേഹം പറയുന്നത്, ബുദ്ധധർമ്മത്തിൽ നിന്നും പല ആശയങ്ങളും ഉപനിഷത്തും ഭഗവദ്ഗീത യും ഇങ്ങോട്ട് സ്വീകരിച്ചിട്ടുണ്ട് എന്നാണ്. ഭഗവദ്ഗീതയിലും ഉപനി ഷത്തുകളിലും കാണുന്ന പല ആശയങ്ങളുടെയും തത്വങ്ങളുടെയും മൂലസ്രോതസ്സ് എന്ന് പറയുന്നത് ബുദ്ധമതം തന്നെയാണ്, ബുദ്ധധർമ്മമാണ്. പക്ഷേ കേരളീയരെ സംബന്ധിച്ചിടത്തോളം ബുദ്ധമതത്തിന്റെ അവശിഷ്ടങ്ങൾ, പണ്ട് പ്രതിമകൾ ആയിട്ടും ഉത്സവങ്ങൾ ആയിട്ടും ആയുർവേദമായിട്ടും പരിചിതമാണ്. ആ കാലത്തൊന്നും ബുദ്ധസംഹിതകൾ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ അത്രമേൽ പ്രചരിച്ചിരുന്നു എന്നു പറയാൻ കഴിയില്ല. ആരെങ്കിലും എഴുതിയോ എന്ന് അറിഞ്ഞുകൂടാ. അങ്ങനെ ഒരു മുഖ്യധാര വ്യവഹാരത്തിൽ, ഭാഷാ വ്യവഹാരത്തിൽ ബുദ്ധമതഗ്രന്ഥങ്ങൾ നമ്മൾ കാണുന്നില്ല. അതേസമയം ഇരുപതാം നൂറ്റാണ്ടിൽ ബുദ്ധമതഗ്രന്ഥങ്ങൾ കാണുന്നു. ബുദ്ധമതത്തെപ്പറ്റിയുള്ള എ.ജി കൃഷ്ണവാര്യരുടെ പുസ്തകം പറഞ്ഞപോലെ, അല്ലെങ്കിൽ പി സി അലക്സാണ്ടർ, കേരളവും ബുദ്ധമതവും തമ്മിലുള്ള ബന്ധത്തെപ്പറ്റി എഴുതിയിട്ടുള്ള പോലെ ഗ്രന്ഥങ്ങൾ കാണുന്നു. ധർമ്മപദത്തിന്റെ വിവർത്തനങ്ങൾ പോലെയുള്ള ഗ്രന്ഥങ്ങളും കാണുന്നു.

ഈ കാലമായപ്പോഴേക്കും ഈ നവീകരിക്കപ്പെട്ട ഉപ നിഷത്ത്ബോധവും, ഭഗവദ്ഗീതാബോധവുംകൊണ്ട് ബുദ്ധ

ധർമ്മവുമായുള്ള ഒരു സമന്വയം വാണിരുന്ന ഒരു സമയത്താണ്, ബുദ്ധധർമ്മത്തിലേക്ക്, ധർമ്മപദത്തിലേക്ക്, തേലപ്പുറത്ത് നാരായണൻ നമ്പി ഉൾപ്പെടെയുള്ള ആളുകൾ തിരിഞ്ഞുനോക്കുന്നത് എന്ന് നമുക്ക് പറയാൻ സാധിക്കും. ഇതെല്ലാം ഒന്നിച്ചെടുത്തു നോക്കിയാൽ കേരളത്തെ സംബന്ധിച്ചും ഒരു ആധുനികകർതൃബോധത്തിലേക്ക് മനുഷ്യൻ മാറിക്കൊണ്ടിരിക്കുന്ന ഒരു കാലമാണെന്നും, അതിൽ മതാനുഭവം എന്ന് പറയുന്നത് മൂല്യസങ്കല്പങ്ങളുമായി ബന്ധപ്പെട്ടതാണെന്നും, ഈ മൂല്യത്തിന്റെ വ്യവസ്ഥിതീകരണത്തിന് ഗ്രന്ഥങ്ങൾ പ്രധാനമാണെന്നും ഉള്ള സന്ദർഭത്തിലാണ് ഈ ഉപനിഷത്തുകളും ഭഗവദ്ഗീതയും പോലെത്തന്നെ ധർമ്മപദവും വിവർത്തനം ചെയ്യപ്പെടുന്നത്. 1915 ൽ ആയാലും 1925 ൽ മൂലൂരിന്റെ ആയാലും 1958 ൽ തിരുമുൽപ്പാടിന്റെ വിവർത്തനം വരുമ്പോഴായാലും, ഒക്കെ അതുവരെ അതാണ് അതിന്റെ പൊതുവായ ഒരു പശ്ചാത്തലം എന്ന് പറയാം. അപ്പോൾ ഇത് രണ്ടും തമ്മിൽ ഇടഞ്ഞുനിൽക്കുന്നതല്ല. ഒന്ന്, ഈ ജാതിനിഷേധപരമായിട്ടുള്ള പ്രവർത്തനങ്ങളും, ആധുനികകർതൃബോധം എന്ന് പറയുന്നതും ഇടഞ്ഞു നിൽക്കുന്ന കാര്യങ്ങളല്ല, തമ്മിൽ ബന്ധപ്പെട്ട കാര്യങ്ങൾ തന്നെയാണ്. ഇടഞ്ഞുനിൽക്കുമ്പോൾ ഏതാണ്ട് സമാന്തരമായിട്ട് നടക്കുന്ന കാര്യങ്ങൾ ആണെന്ന് പറയാം. തിരുമുൽപ്പാട് തന്നെ അദ്ദേഹത്തിന്റെ മുൻപ് പറഞ്ഞ ആമുഖത്തിൽ ജാതിക്കെതിരായിട്ടുള്ള വാദവും ഉന്നയിക്കുന്നുണ്ട്. അതിനു ബുദ്ധമതം ഏതുതരത്തിൽ നമുക്ക് പ്രയോജനപ്പെടും എന്ന് പറയുന്നുണ്ട്. നാരായണഗുരു അതിനു വേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ സാംഗത്യം, അതിന്റെ പ്രഭാവം പറയുന്നുണ്ട്. പക്ഷേ, അത് ഫലിക്കുന്നതായി കാണുന്നില്ല എന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട് - ജാതി വീണ്ടും നിലനിൽക്കുന്നു എന്ന അർത്ഥത്തിൽ.

നേരത്തെ പറഞ്ഞതുപോലെ മുഖ്യമായിട്ട് വരുന്നത് അയ്യപ്പത്തിന്റെ വിവർത്തനം തന്നെയാണ്. ഞാൻ ആദ്യം വായിക്കുന്ന ധർമ്മപദം അയ്യപ്പത്തിന്റെ വിവർത്തനമാണ്. അയ്യപ്പത്തിന്റെ വിവർത്തനത്തിൽ നിന്നാണ്, പിന്നെ പഴയ വിവർത്തനങ്ങളിലേക്ക് അന്വേഷിച്ചു പോയത്. 2000 ആകുമ്പോ ഴേക്കും, നമ്മൾ ആദ്യം സൂചിപ്പിച്ച ഒരു ദളിത് നവോത്ഥാനത്തിന്റെ, അല്ലെങ്കിൽ ദളിത് മുന്നേറ്റത്തിന്റെ ഒക്കെ

ആശയാടിത്തറയായി മാറിക്കഴിഞ്ഞു. ഒരുപക്ഷേ, അയ്യപ്പത്ത് ആദ്യം വിവർത്തനം ചെയ്യുന്നത് ധർമ്മപദമാണ്. അതിനു മുൻപ് അദ്ദേഹം നമ്മുടെ പ്രധാനപ്പെട്ട ആധുനികതാവാദകവികളിൽ ഒരാളായിരുന്നു. 1950 കളുടെ അവസാനം, 1956 ൽ ഒക്കെയാണ് 'ബസ്സ്റ്റോപ്പിൽ' എന്ന കവിത അദ്ദേഹം എഴുതിയത്. ജീവചരിത്രക്കുറിപ്പുകൾ, അറുപതുകളുടെ ആദ്യം എഴുതിയതാണ്. മണിയറക്കവിതകൾ എന്ന് പ്രസിദ്ധമായ മണിയറയിൽ, മണിയറയിലേക്ക് എന്നീ കവിതകൾ, അതും അറുപതുകളിൽ തന്നെ എഴുതിയതാണ്. 'ജാംബവാൻ' ആ കാലത്ത് എഴുതിയതാണ്. ഈ കവിതകൾ എല്ലാം തന്നെ ആധുനികതാവാദകവിതകളിൽ വളരെ പ്രധാനപ്പെട്ട സ്ഥാനം വഹിക്കുന്നതാണ്. ഈ കവിതകളൊക്കെ വളരെ സങ്കീർണ്ണമാണ് എന്ന് പറയാം. ജാംബവാനൊക്കെ വളരെ സങ്കീർണ്ണമായ ഒരു ശില്പമാണ്. ഈ ആധുനികകവിതകൾ മിക്കവാറും അങ്ങനെയായിരുന്നു. മനസ്സിലാകാത്ത കവിത എന്നൊരു ദുഷ്പേര് അതിനുണ്ടായിരുന്നു. അയ്യപ്പത്തിന്റെ 'ജാംബവാൻ' ദുഷ്പേര് നന്നായി കേട്ട ഒരു കവിത തന്നെയായിരുന്നു. പക്ഷേ ഒരു അറുപത്, എഴുപതുകളുടെ ആരംഭം വരെ അദ്ദേഹം കവിതകൾ എഴുതിയിരുന്നു. അതിനുശേഷം ദീർഘമായ ഒരു കാലം, അദ്ദേഹം കവിതകൾ, ഒന്നുകിൽ എഴുതിയില്ല അല്ലെങ്കിൽ പ്രസിദ്ധീകരിച്ചില്ല, ചിലപ്പോൾ എഴുതിയിട്ടുണ്ടാകും അതൊന്നും പ്രസിദ്ധീകരണത്തിൽ വന്നില്ല. പിന്നീട് അദ്ദേഹം പ്രത്യക്ഷപ്പെടുന്നത് ധർമ്മപദത്തിന്റെ വിവർത്തനമായിട്ടാണ്. അപ്പോൾ ഈ ധർമ്മപദം തന്നെ അദ്ദേഹം തിരഞ്ഞെടുക്കാൻ, ഒരു പക്ഷേ രണ്ടായിരമാണ്ട് ഒക്കെ ആകുമ്പോഴേക്കും ഉണ്ടായി വന്ന, ഈ ദളിത് അവബോധത്തിന്റെയും, ദളിത് നവോത്ഥാനത്തിന്റെയും, ഒരു പരോക്ഷപ്രേരണയിലായിരുന്നു. പ്രത്യക്ഷത്തിൽ അതിന്റെ സൂചനകൾ ഒന്നും അദ്ദേഹത്തിന്റെ വിവർത്തനത്തിൽ ഇല്ല. അതിനുശേഷം അദ്ദേഹം വേറെ വിവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹം തിരഞ്ഞെടുത്ത ഉപനിഷത്തുകൾ വിവർത്തനം ചെയ്തിട്ടുണ്ട്. കെ കെ യതീന്ദ്രനുമായി കൂടിച്ചേർന്നാണ് അദ്ദേഹമത് ചെയ്തത്. കൂടാതെ അദ്ദേഹം 'കുമാരസംഭവം' ഗദ്യത്തിൽ വിവർത്തനം ചെയ്തിട്ടുണ്ട്. 'മേഘസന്ദേശം' വിവർത്തനം ചെയ്തിട്ടുണ്ട്. പിന്നെ മഹാഭാരതത്തിലെ രണ്ടോ മൂന്നോ പർവങ്ങൾ വനപർവ്വം,നളോപാഖ്യാനപർവ്വം എന്നിവയും വിവർത്തനം

ചെയ്തിട്ടുണ്ട്. അതായത് വിവർത്തനം, അദ്ദേഹം ധർമ്മപദത്തിൽ നിർത്തിയില്ല, തുടങ്ങുകയാണ് ചെയ്തത്. അങ്ങിനെ തുടങ്ങാനുള്ള ഒരു കാരണം മുൻപേ പറഞ്ഞപോലെ ഈ സാഹചര്യം ആയിരിക്കാം. ഈ കാലത്ത് ഭാഷയ്ക്ക് വന്ന ഏറ്റവും പ്രധാനപ്പെട്ട മാറ്റം എന്താണെന്ന് വെച്ചാൽ ആദ്യം പറഞ്ഞ ഈ സങ്കീർണ്ണതകൾ മിക്കവാറും മുഴുവൻ തന്നെ ഇല്ലാതായിത്തീർന്നു. വളരെ ലളിതവും, വളരെ ആധുനികവുമായ ഒരു മലയാളത്തിലേക്ക് പലപ്പോഴും കുഞ്ഞുകുട്ടൻ തമ്പുരാനെ ഓർമിപ്പിക്കുന്ന സ്വച്ഛതയുള്ള ഒരു മലയാളത്തിലേക്ക് അയ്യപ്പത്തിന്റെ ഭാഷ മാറിത്തീരുകയും ചെയ്തു. ആ സമയത്ത് അദ്ദേഹം കവിതകൾ രണ്ടാമത് എഴുതിത്തുടങ്ങി. ഛായ എന്നുള്ള പേരിൽ കുറെ കവിതകൾ ഹൈക്കുവിന്റെ മാതൃകയിൽ മൂന്നു-മൂന്നു വരി കവിതകൾ, അങ്ങനെയാണ് അദ്ദേഹം എഴുതിക്കൊണ്ടിരുന്നത്. പറയാവുന്ന മറ്റൊരു കാര്യം അയ്യപ്പത്തുമായി കുറച്ച് പരിചയം എനിക്കുണ്ട് എന്നതാണ്. ഒരിക്കൽ തൃശ്ശൂർ വച്ച് അദ്ദേഹത്തെ കാണാനിടയായി. ജാംബവാൻ പ്രസിദ്ധീകരിച്ചതിനു ശേഷമാണ് കണ്ടത്. ആദ്യം വായിച്ചപ്പോൾ തന്നെ വലിയൊരു മതിപ്പ് എനിക്ക് തോന്നിയിരുന്നു. ഈ ഇഷ്ടം തോന്നിയ കാര്യം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു- ആധുനികകവിത എഴുതിയിട്ട് എന്താണ് കാര്യം? ഇതൊന്നും ആരും വായിക്കില്ല. വായിക്കുന്നവർ വളരെ കുറവാണ്. ഒന്നാമത് അതിന്റെ ഭാഷയൊക്കെ സങ്കീർണ്ണതയും ദുർഗ്രഹതയും ഒക്കെ നിറഞ്ഞതാണ്. സത്യത്തിൽ അതൊന്നുമല്ല വേണ്ടത്, ആളുകളുമായിട്ട് സംവദിക്കണം അതിന് കുറേക്കൂടി ലളിതമായ ഭാഷയിൽ ഒക്കെ എഴുതണം. അതാണ് ധർമ്മപദം ഭാഷയിലേക്ക് മാറ്റാൻ കാരണമെന്ന് അദ്ദേഹം സംഭാഷണത്തിൽ പറയുകയും ചെയ്തിരുന്നു. അവിടെ 'മുൻമൊഴി' എന്ന പേരിൽ എഴുതിയിട്ടുള്ള ആമുഖത്തിൽ അദ്ദേഹം ആമുഖം അവസാനിപ്പിക്കുന്നത്, പലതരത്തിലുള്ള മൂല്യശോഷണം കൊണ്ട് നട്ടംതിരിയുന്ന ഒരു കാലമാണ് ഇന്ന്, ഈ മൂല്യശോഷണത്തിൽ നിന്നും കരകയറാൻ ബുദ്ധധർമ്മത്തിലേക്ക് തിരിച്ചു പോവുകയാണ് ഏറ്റവും ഉത്തമം, അതുകൊണ്ടാണ് ഈ ധർമ്മപദം വിവർത്തനം ചെയ്യുന്നത് എന്നാണ്. അല്ലാതെ അക്കാലത്തെ ഒരു ദളിത് അവബോധത്തെപ്പറ്റി സൂചിപ്പിച്ചിട്ടല്ല. പക്ഷേ അതൊരു പരോക്ഷപ്രേരണ തന്നെ ആയിരിക്കാം. ഇങ്ങനെയാണ് ഈ മൂന്ന് ഘട്ടങ്ങളിലും

വിവർത്തനങ്ങൾ വരുന്നത്. ഇതിൽ അയ്യപ്പത്ത് എഴുതുന്ന കാലത്ത് പോലും, അല്ലെങ്കിൽ ഇപ്പോൾ ഒരാൾ എഴുതുന്ന കാലത്ത് പോലും, ദേശീയപ്രസ്ഥാനത്തിന്റെ സമയത്ത് രൂപപ്പെട്ടുവന്ന മതബോധവും ആധുനികമായ വ്യക്തിബോധവും അതിൽ പരോക്ഷമായിട്ടെങ്കിലും അന്തർധാരയായിട്ടുണ്ടാകും എന്ന് നമുക്ക് പറയാൻ സാധിക്കും. ഇങ്ങിനെ മലയാളത്തിൽ ബുദ്ധമതത്തിന്റെ, ധർമ്മപദത്തിന്റെ വിവർത്തനങ്ങൾ വന്നു, സാമാന്യമായി ഇങ്ങനെ പറഞ്ഞുകൊണ്ട്, ഒന്ന് രണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കാം. ഒന്ന്, ഭഗവദ്ഗീതയുടെ സംസ്കാരമാണ്. ഗാഥ കേട്ടാൽ തന്നെ എല്ലാ വർക്കും മനസ്സിലാകും.

"കാറ്റിളക്കില്ലുറച്ചുള്ള ഒരൊറ്റക്കല്ലായ പാറയെ, നിന്ദിച്ചാലും സ്തുതിച്ചാലും ഇളകില്ല, അതുപോൽ മൂഢൻ" - എന്നത്, ധർമ്മപദത്തിലെ ഒരു ഗാഥയാണ്. പിന്നെ അതിന്റെ ചില ഉദാഹര ണങ്ങൾ വീണ്ടും കൊടുത്തിട്ടുണ്ട്. പക്ഷേ, ഈ സന്ദർഭത്തിൽ വിട്ടു പോകരുതാത്ത ഒരു കാര്യം, ആ ഒരു കാര്യം വായിക്കുന്നില്ല അത് പറയാം. എന്താണെന്നാൽ ഞാൻ ബുദ്ധമതത്തിൽ ധർമ്മപദം മാത്രമേ വായിച്ചിട്ടുള്ളൂ. ബുദ്ധമതത്തെ പറ്റിയാണെങ്കിൽ എ ജി കൃഷ്ണ വാര്യരുടെ പുസ്തകമേ വായിച്ചിട്ടുള്ളൂ. വേറെ വായിച്ചിട്ടില്ല എങ്കിലും, ധർമ്മപദം വായിക്കുമ്പോൾ തോന്നുന്നത്, ബുദ്ധൻ ഉപദേശിക്കുന്ന തത്വങ്ങൾ എന്ന് പറയുന്നത്, ഒരു ജീവിതചര്യ എങ്ങനെ രൂപപ്പെടുത്തി എടുക്കാൻ സാധിക്കും എന്നതാണ്. ഈ ജീവിതചര്യയെ സംബന്ധി ക്കുന്ന ഉപദേശങ്ങളായി വരുന്നത് തത്വങ്ങളാണ്. എപ്പോഴും അത് ജീവിതത്തെ മുന്നിൽ കാണുന്നു. ജീവിതനിഷേധപരമാണെന്ന് പറയാൻ കഴിയില്ല. വേദാന്തത്തിൽ പറയുന്ന പോലെ ജീവിതനിഷേധ പരമല്ല, നിർവാണം ആണ് അതിന്റെ ലക്ഷ്യം എന്നതിൽ സംശയമില്ല. പക്ഷേ ഈ നിർവാണത്തിലേക്ക് നയിക്കുന്ന സാധന എന്ന് പറയുന്നത് യാഥാർത്ഥ്യമാണെന്ന് ആ ഗാഥകൾ വായിക്കുമ്പോൾ നമുക്ക് തോന്നും. അതായത് ജീവിതം തന്നെയാണ് യാഥാർത്ഥ്യം. നിർവാണം, ഒരു ഭാവനയാണ്. അത് വന്നേക്കാം, ഇല്ലാതിരിക്കാം. അതിനെ മുൻനിർത്തിയാണ് ചെയ്യുന്നതെങ്കിൽ പോലും ജീവിതം എന്ന് പറയുന്നത് ഒരു സാധനയായി എങ്ങനെ കൊണ്ടു നടക്കാൻ സാധിക്കും - അധികം കോപിക്കരുത്, അധികം വാക്ക് പ്രയോഗിക്കരുത്, ദുർവാക്കുകൾ

പ്രയോഗിക്കരുത്, തർക്കം ഉണ്ടാകരുത്, തർക്കിച്ചാൽ ഇങ്ങോട്ടും തർക്കിക്കാൻ തോന്നും, പിന്നീട് ഒരിക്കലും ആ വ്രണങ്ങൾ ഉണങ്ങുകയില്ല - ഇങ്ങിനെ മധ്യമാർഗത്തിലൂടെ എങ്ങിനെയാണ് പോകുന്നത് എന്നതിനെ സംബന്ധിക്കുന്ന ഗാഥകൾ ധർമ്മപദത്തിൽ ഉണ്ട്.

ആ ഗാഥകളിലൂടെ പോകുമ്പോഴാണ് എങ്ങിനെയാണ് ഒരു ജീവിതചര്യ രൂപപ്പെടുത്തി എടുക്കുന്നതെന്ന് മനസ്സിലാകുന്നത്. ഈ ജീവിതചര്യയിൽ വളരെ പ്രധാനമാണ് ആരോഗ്യമെന്ന് പറയുന്നത്. ഈ സന്ദർഭത്തിൽ തീർച്ചയായിട്ടും ആ കാര്യം എങ്കിലും ഒന്ന് സൂചിപ്പിച്ചില്ലെങ്കിൽ ശരിയാവില്ലല്ലോ. തിരുമുൽപ്പാടിന്റെ വിവർത്തനത്തിൽ പലയിടത്തും ആരോഗ്യം, ശരീരം മുതലായവാക്കുകളും, അതിന്റെ പ്രാധാന്യവും ഗാഥയിലും അതുപോലെ അൽപ്പാൽപ്പമായി കൊടുക്കുന്ന വ്യാഖ്യാനത്തിലും കാണാൻ സാധിക്കുന്നുണ്ട്. ഒരു ഉദാഹരണം പറയുകയാണെങ്കിൽ, വർണ്ണപ്രകാശം എന്നൊരു വാക്ക്. അത് പാലിയിൽ ഉള്ളതിന്റെ സംസ്കൃതഛായയാണ് വർണ്ണപ്രകാശം എന്ന് പറയുന്നത്. വർണ്ണപ്രകാശത്തിന് എന്ന് തന്നെയാണ് നാരായണൻ നമ്പി, അതുപോലെ മൂലൂർ, അയ്യപ്പത്ത്, പറയുന്നത്. വർണ്ണപ്രകാശം - വർണ്ണപ്രകാശത്തിന് ഇന്നത് വേണമെന്നാണ്. ആ വാക്യം തിരുമുൽപ്പാട് വിവർത്തനം ചെയ്യുന്നത് 'അനങ്ങീടായ്കമെയ്യിന്ന്' എന്നാണ്. ആലസ്യം കൊണ്ടാണ് വർണ്ണപ്രകാശം ഇല്ലാതാകുന്നത് എന്നാണ് പറയുന്നത്. സാമാന്യർത്ഥമാണ്. അപ്പോൾ ഈ അനങ്ങീടായ്ക ദോഷമാണെന്ന് പറഞ്ഞിടത്ത് നിർത്താതെ, അദ്ദേഹം പറയുന്നത് വ്യായാമം ഇല്ലാതിരിക്കുന്നതാണ് ദേഹത്തിന് ദോഷം, എന്നിവിടെ വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്. വർണ്ണപ്രകാശത്തിന് ആരോഗ്യശാസ്ത്രത്തിൽ എങ്കിലും പ്രത്യേക അർത്ഥം ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. ഉണ്ടായിരിക്കാം, ഇനി അഥവാ ഉണ്ടെങ്കിൽ തന്നെ ഒരു സാധാരണ മലയാളിയെ സംബന്ധിച്ച് അത് മനസ്സിലാകില്ല. അത് മനസ്സിലാക്കാൻ ഇദ്ദേഹം 'മെയ്യിന് അനങ്ങീടായ്ക' എന്ന് സൂചിപ്പിക്കുന്നു. ഇത് വളരെ മൂർത്തമായ ഒരു സന്ദർഭമാണ്. ഇതുപോലെ ആരോഗ്യനിഷ്ഠാപരമായ കാര്യങ്ങൾ, ചിലപ്പോൾ അത് ഉപമയായിട്ടായിരിക്കും വരുന്നത്, രൂപകം ആയിട്ടായിരിക്കും വരുന്നത്, എങ്കിലും അത് ഉൾപ്പെടുത്തുന്നുണ്ട്.

ബുദ്ധധർമ്മങ്ങളിൽത്തന്നെ അത് വരുന്നുണ്ട്. പക്ഷേ അത് മെയ്യിനു വേണ്ടിയിട്ടല്ല, മറ്റൊന്നിനു വേണ്ടിയിട്ടാണ് എന്ന് മാത്രം. ഈ ഒരു മധ്യമാർഗ്ഗസൂചന, നിശ്ചയമായിട്ടും നമ്മുടെ ജീവിതചര്യകളിൽ ജീവിതനിഷ്ഠകളിൽ വളരെ പ്രധാനപ്പെട്ടതാണ്. ഈ ചര്യകളെ ഉപദേശിക്കുക എന്നതുകൂടി വിവർത്തനത്തിന്റെ ലക്ഷ്യമായിരുന്നു എന്നും, അത് വിവർത്തനത്തിന്റെ ലക്ഷ്യമായിരുന്നു എന്ന് പറയുകയാണെങ്കിൽ, ആ ലക്ഷ്യം ഏറ്റവും കൂടുതൽ ഉൾപ്പെടുന്നത് രാഘവൻ തിരുമുൽപ്പാടിന്റെ വിവർത്തനമാണ് എന്ന് ഈ നാല് വിവർത്തനങ്ങളെ മാത്രം താരതമ്യപ്പെടുത്തി കൊണ്ട് പറയാൻ സാധിക്കും. അപ്പോൾ ആ കാര്യം ഇതുപോലൊരു സദസ്സിൽ പ്രധാനമായതുകൊണ്ടാണ് പറഞ്ഞത്. വേറെയും ചില കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. വിവേകം എന്ന വാക്ക് ഏറ്റവും അധികം ഉപയോഗിക്കുന്നത് അദ്ദേഹമാണ്. ബുദ്ധമതത്തിന്റേതായ ഒരു അർത്ഥവും അതിന് ഉണ്ട്. നാരായണൻ നമ്പി അത് കൊടുക്കുന്നുണ്ട്. പക്ഷേ, തിരുമുൽപ്പാട് പറയുന്നത്, ഇവിടെ വിവേകം എന്നാൽ അതൊന്നുമല്ല അർത്ഥം, വകതിരിവ് എന്നാണ്. അപ്പോൾ ഇതൊക്കെ ഇന്നത്തെ ഒരു സാധാരണ വായനക്കാരനെയോ വായനക്കാരിയെയോ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ആശയങ്ങൾ തന്നെയായാണ് കാണേണ്ടത്.

(2024ലെ വിദ്യാരംഭസമ്മേളനത്തിൽ
അവതരിപ്പിച്ച പ്രഭാഷണത്തിന്റെ
ആവിഷ്കൃത രൂപം)